*നമ്മളെ നമ്മളാക്കിയ നമ്മുടെ വിദ്യാലയം*

# ഗവ ഹയർ സെക്കണ്ടറി സ്കൂൾ തേക്കുതോട്






# ജി എച്ച് എസ് എസ് തേക്കുതോട്

GOVT. HIGHER SECONDARY SCHOOL
Since :1961
THEKKUTHODE

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026





**വിദ്യാലയത്തിന്റെ പേര് - ജി എച്ച് എസ് എസ് തേക്കുതോട്**

**സ്കൂൾ കോഡ് - 38081**

**ബി ആർ സി - കോന്നി**

**ജില്ല - പത്തനംതിട്ട**

## ആമുഖം :

നവകേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങൾ കെട്ടിലും മട്ടിലും ഗുണമേന്മയിലും അടിമുടി മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്നു. പൊതു വിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആവിഷ്കരിച്ചത്. അതിന്റെ ഫലമായി ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാൻ ഒരു പരിധി വരെ സാധിച്ചു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ വിദ്യാഭ്യാസ നിലവാരവും നിലവാരവും ഉയർത്തുന്നതിന് ലക്ഷ്യമാക്കുന്നു. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് സമഗ്രമായ ഒരു പദ്ധതി രേഖ അനിവാര്യമാണ്. ഇതിന്റെ ഭാഗമായി ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ :

- ഒന്നു മുതൽ 12 വരെ ഓരാ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും പഠന നിലവാരവും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈനപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- പഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക , സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- എല്ലാ ക്ലാസ് മുറികളിലും ഹൈടെക്ക് സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ ശാക്തീകരിക്കുക
- ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഐ.സി.ടി. പഠനം മെച്ചപ്പെടുത്തുക.

- കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ പരിശീലന പാക്കേജ് തയ്യാറാക്കുക.
- എസ് എസ് എൽ സി പരീക്ഷയിൽ സമ്പൂർണ വിജയം നേടുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുക.
- LSS, USS, NMMSE പരീക്ഷകളിൽ മികച്ച വിജയം നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- ഭാഷാവിനിമയത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി ഭാഷാ ക്ലബ്ബുകൾ ശാക്തീകരിക്കുക.
- കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- പുതുതലമുറയെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് തടയാൻ വേണ്ടുന്ന ഇടപെടലുകൾ നടത്തുക.
- കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- പ്ലാസ്റ്റിക് - വിമുക്ത , ലഹരി - വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
- കാർഷിക സംസ്ക്കാരം പുതു തലമുറയിൽ വളർത്തിയെടുക്കുക.
- പരിസ്ഥിതി സംരക്ഷണ ബോധമുള്ള തലമുറയെ വളർത്തിയെടുക്കുക.

# വിദ്യാലയ ചരിത്രം :

കോന്നിയിൽ നിന്നും 23 km കിഴക്ക് മലഞ്ചെരുവിൽ വനത്തിനു സമീപം സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് തേക്കുതോട്. അജ്ഞതയാകുന്ന അന്ധകാരത്തിൽ നിന്നും അറിവിന്റെ നിലാമുറ്റത്തേക്ക് അനേകായിരങ്ങളെ കൈപിടിച്ചുയർത്തിയ തേക്കുതോട് ഗവ. ഹയർ സെക്കന്ററി സ്കൂൾ മലയോര ഗ്രാമത്തിന്റെ സൂര്യതേജസായി ഇന്നും പരിലസിക്കുന്നു. 1950 കളിൽ രാജ്യമെങ്ങും ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടപ്പോൾ ഉപജീവനത്തിനുവേണ്ടി പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകർ മലയോര മേഖലയായ തേക്കുതോട്ടിലേക്ക് കുടിയേറി. മലയോര മേഖലയുയുടെ വിദ്യാഭ്യാസ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് തേക്കുതോട് ഗ്രാമത്തിൽ 1961 ലോവർ പ്രൈമറി വിഭാഗം ആയിട്ടാണ് ജി എച്ച് എസ് എസ് തേക്കുതോട് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പതിയെ പതിയെ അപ്പർ പ്രൈമറി വിഭാഗവും ,ഹൈസ്കൂൾ വിഭാഗവും ആരംഭിച്ചു. 1961 ൽ കോന്നി എം.എൽ.എയായിരുന്ന ശ്രീ. സി. കെ. ഹരിശ്ചന്ദ്രൻനായരുടെ ശ്രമഫലമായി കുളത്തുമൺ നാരായണന്റെ (ഇന്നത്തെ എസ്.എൻ.ഡി.പി. കെട്ടിടം) കെട്ടിടത്തിൽ ഒരു ഗവ. എൽ.പി.എസ് സ്ഥാപിതമായി. ആദ്യത്തെ പ്രഥമ അധ്യാപകനായി കോന്നി കല്ലുപാലമണ്ണിൽ ശ്രീ.കെ.എൻ.രാഘവൻനായർ നിയമിതനായി. നാട്ടുകാരനായിരുന്ന ശ്രീ.ഹസൻകുട്ടിയായിരുന്നു

ആദ്യകാല അധ്യാപകൻ. നാട്ടുകാരുടേയും പന്തളം പി.ആർ.മാധവൻപിള്ള എം.എൽ.എയുടേയും ശ്രമഫലമായി ഈ സ്ഥാപനം 1967 ൽ യു.പി.എസ് ആയി അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ ഹയർ സെക്കന്ററി പ്രവർത്തിച്ചിരുന്ന ഓടിട്ട കെട്ടിടം അന്നത്തെ കോന്നി എം.എൽ.എ. ശ്രീ. വി.എസ്.ചന്ദ്രശേഖരപിള്ളയുടെ ശ്രമഫലമായിട്ടാണ്. മുൻ കോന്നി എം.എൽ.എ. ശ്രീ. പി.ജെ. തോമസാണ് ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്തുതന്നത്. 1977 ൽ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് പരീക്ഷയെഴുതി. അന്ന് എട്ട്, ഒൻപത് ക്ലാസുകൾ എലിമുള്ളുംപ്ലാക്കൽ ഹൈസ്കൂളിന്റെ ബ്രാഞ്ചായിട്ടായിരുന്നു നടത്തിയത്. ഹൈസ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. എൻ.ശിവാനന്ദനായിരുന്നു. നാട്ടുകാരായ ശ്രീ. എം.എൻ.ഗംഗാധരക്കുറുപ്പ് (കുറുപ്പ് സാർ) ശ്രീമതി സി.ആർ.ജഗദമ്മ, കൊറ്റുവേലിൽ വി.കെ. ശാന്തമ്മ, കുളത്തുങ്കൽ ശ്രീ. കെ.റ്റി. ശാമുവേൽ, ശ്രീമതി ജി. ദീനാമ്മ കിഴക്കുപുറം സ്വദേശി ശ്രീ.കെ.രഘവൻ എന്നിവർ അധ്യാപകരായി സേവനം അനുഷ്ഠിച്ചു. നിരവധി കുട്ടികൾ ഇവിടെ നിന്നും പഠനം പൂർത്തിയാക്കി. പിന്നീട് 2004 ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു . ഇപ്പോൾ ഹൈസ്കൂൾ പ്രവർത്തിക്കുന്ന ബഹുനിലകെട്ടിടം അന്നത്തെ കോന്നി എം.എൽ.എ. ശ്രീ. എ.പത്മകുമാറിന്റെ ശ്രമഫലമായി നേടിയതാണ്. 2004 ൽ ഈ സ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തിയത് കോന്നി എം.എൽ.എ.

ശ്രീ. അടൂർ പ്രകാശിന്റെ ആശ്രാന്ത പരിശ്രമഫലമായിട്ടാണ്. ആദ്യ പ്രിൻസിപ്പാൽ-ഇൻ-ചാർജ്ജ് ശ്രീ. എം.മോഹനനായിരുന്നു.

ഈ വിദ്യാലയം ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലം ദാനമായി നൽകിയത് ഉഴത്തിൽ ശ്രീ. ഉമ്മച്ചൻ, ഗോപുരത്തിൽ മണ്ണിൽ ശ്രീ. ഗംഗംഗാധരൻ, കൊച്ചുമണ്ണിൽ ശ്രീ. ദാമോദരൻ, കിഴക്കേചെരുവിൽ ശ്രീ. മുഹമ്മദ് കണ്ണ് റാവുത്തർ, ആനക്കല്ലിൽ ശ്രീ. ദാവീദ്, കിഴക്കേചെരുവിൽ ശ്രീ. സുകുമാരൻ എന്നിവരാണ്. രാഷ്ട്രീയ-സാമുദായിക ചിന്തകൾക്കതീതമായി എക്കാലവും സ്കൂളിന്റെ വികസനവും മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, പി.റ്റി.എ. പ്രസിഡന്റുമാർ, കമ്മറ്റി അംഗങ്ങൾ, എസ്.എം.സി. അംഗങ്ങൾ, മുൻ അധ്യാപകർ, രാഷ്ട്രീയ സാമുദായിക നേതാക്കൻമാർ നല്ലവരായ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ നിസ്വാർത്ഥമായ സേവനത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രതീകമാണ് ഇന്നത്തെ തേക്കുതോട് ഗവ. ഹയർ സെക്കൻററി സ്കൂൾ.

സ്കൂൾ പ്രിൻസിപ്പൽ ആയി ശ്രീ കെ കെ രാജീവും ഹൈസ്കൂൾ പ്രഥമാധ്യാപിക ആയി ശ്രീമതി പ്രീത ബി യും പ്രവർത്തിച്ചു വരുന്നു. പി ടി എ പ്രസിഡണ്ട് ആയി ശ്രീ അനിയൻകുഞ്ഞും എം പി ടി എ പ്രസിഡണ്ട് ആയി ശ്രീമതി ലിൻസി ടി ആന്റണിയും എസ് എം സി ചെയർമാൻ ആയി ശ്രീ കെ പി സന്തോഷ്

കുമാറും പ്രവർത്തിക്കുന്നു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവായിരുന്ന ശ്രീ ശ്രീകുമാർ സാർ ഈ സ്കൂളിൽ പ്രഥമ അധ്യാപകൻ ആയിരുന്നു . 2016 മുതൽ തുടർച്ചയായി എസ് എസ് എൽ സി ക്ക് 100 % വിജയം നേടുവാൻ സ്കൂളിന് സാധിക്കുന്നു. 2012 - 2013 മുതൽ 2018 - 2019 വരെ തുടർച്ചയായി 7 വർഷവും 2023 - 2024 വർഷവും BEST PTA ( പത്തനംതിട്ട ) അവാർഡ് നമ്മുടെ വിദ്യാലയത്തിനു ലഭിച്ചു.

തേക്കുതോട് പ്രദേശത്തെ പ്രധാന സാമൂഹിക വികസന കേന്ദ്രമായ വിദ്യാലയം അഭയാർത്ഥി കേന്ദ്രമായും തിരഞ്ഞെടുപ്പ് ബൂത്തുകളായും പൊതുപരിപാടികളുടെ വേദിയായും മാറിയിട്ടുണ്ട്. 2 ഏക്കറോളം ഭൂമിയും നല്ല കളിസ്ഥലവും മെച്ചപ്പെട്ട കെട്ടിടങ്ങളും സ്കൂളിന് ഉണ്ടെങ്കിലും മറ്റ് ഭൗതിക സൗകര്യങ്ങൾ പലതും അപര്യാപ്തമാണ്. ഹൈടെക് ക്ലാസ് മുറികളും പഠനോപകരണങ്ങളും, നല്ല ലാബുകളും, പാഠ്യേതര സൗകര്യങ്ങളും, സ്കൂളിന്റെ വികസന കുതിപ്പിന് ഇനിയും അനിവാര്യമാണ്. അക്കാദമിക നിലവാരമുയർത്തി സ്കൂളിനെ മികവിന്റെ കേന്ദ്രമായും ഒരു സാമൂഹ്യ വികസന കേന്ദ്രമായും മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ :

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെയും ഭാഗമായി വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി സമഗ്രമായ ചർച്ചകൾ സംഘടിപ്പിച്ചു. സ്റ്റാഫ് കൗൺസിൽ, എസ് ആർ ജി യോഗങ്ങൾ, പി ടി എ എക്സിക്യൂട്ടീവ്, സ്കൂൾ വികസന സമിതി യോഗങ്ങൾ, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ എന്നിവയിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ചാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# GHSS THEKKUTHODE

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - അക്കാദമികം - ഉപമേഖല - STD 1**

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത് . എഴുത്ത് , വായന , വിവിധ വ്യവഹാര രൂപങ്ങൾ , സ്വതന്ത്രമായ പ്രതികരണങ്ങൾ , ശില്പശാല , സംയുക്ത ഡയറി , സചിത്ര പുസ്തകം , സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് . അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് . ഈ അധ്യയന വർഷത്തിൽ കുട്ടി , രക്ഷിതാവ് , അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ

പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ , കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനാലുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു .
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥ പുസ്തകം രൂപപ്പെടുത്തുന്നു.

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ് , റീഡേഴ്സ് തിയറ്റർ എന്നിവയിൽ ഏർപ്പെടുന്നു
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്ന

## ഉപമേഖല മലയാളം :

### ജൂൺ

- സചിത്ര നോട്ട് ബുക്ക്, സചിത്ര ആസൂത്രണം , അക്കാദമിക മാസ്റ്റർ പ്ലാൻ ഇവ തയ്യാറാക്കൽ
- സചിത്ര നോട്ട് ബുക്ക്, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണം
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

## ജൂലൈ

- സംയുക്ത ഡയറി എഴുതാൻ അവസരം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു . വാചകമായി പറയാനും അവസരം നൽകുന്നു

## ആഗസ്റ്റ്

- റീഡേഴ്സ് തിയേറ്റർ , നിർമ്മാണ ശില്പശാല , പാട്ടരങ്ങ്
- ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു
- ആസ്വാദ്യകരമായ വായന നടത്തുന്നു
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു

## നവംബർ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആക്കുന്നു
- കൂട്ടവായന , വീട്ടു വായന , ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കുന്നു

- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കുന്നു
- താളാത്മകമായി കവിതകൾ ചൊല്ലുന്നു
- ചെറിയ വായനാ കാർഡുകൾ , ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു

## ഡിസംബർ

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു
- രചനാ ശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു
- സംയുക്താ ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

# ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു
- തിയേറ്റർ സാധ്യതകൾ, വായനാകേളികൾ എന്നിവ ഉപയോഗിക്കുന്നു
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു
- മികവുകൾ സമൂഹത്തിനുണ് മുന്നിൽ പ്രകടിപ്പിക്കുന്നു

# ഫെബ്രുവരി

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു
- ആശയ പൂർണതയുടെ തൽസമയ രചനകൾ നടത്തുന്നു

# മാർച്ച്

- വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന, ചങ്ങല വായന സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു

## ഉപമേഖല ഗണിതം :

### ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്തതാണ് ഭാഷയിലും ശാസ്ത്രത്തിനും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകര മാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ :

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു
- ഒൻപതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
- ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു

## ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
- കൂടുതൽ കുറവ് തിരിച്ചറിയുന്നു
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രീയകൾ നടത്തൽ
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രീയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ് നേടുന്നു

- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ ശീലിക്കുന്നു
- ലളിത ആൽബം തയ്യാറാക്കുന്നു

## ജനുവരി

- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു

## മാർച്ച്

- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- സംഘികളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു

# ഉപമേഖല ഇംഗ്ലീഷ്

**AIM :**

To goal for the first grades is to handle English fluently. The first grades must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illitrate

## OBJECTIVES AND LEARNING OUTCOMES

- Respond to simple instructions in the sings them rhythm and actions classroom
- Describe orally about the pictures and objects
- Familiarise with simple words
- Enjoy songs and sings them with rhythm and actions
- Familiarise the names of birds, animals, their young ones and identifies from pictures

**JUNE**

- Introduce symbol words
- Provides picture cards

## JULY

- Identify familiar words
- Say familiar words
- Read familiar words
- Write familiar words

## AUGUST

- Enjoy songs and sings them with rhythm and actions
- Describe orally about pictures and objects using adjectives

## SEPTEMBER

- Read and write simple words and simple sentences
- Provides picture cards and reading cards

## OCTOBER

- Introduce symbol picture descriptions
- Make word chain, sentence chain
- Make riddles
- Describing words rhyming words
- Text book activities

## NOVEMBER

- Prepare reading cards
- Provide more opportunities to read write and speak English
- Write five English words daily

## DECEMBER

- Read and understand symbol instructions in the classroom
- Encourage digital reading

## JANUARY

- Enjoy songs and sings them with rhythm and actions
- Make picture albums
- Collect pictures of animals and its young ones

## FEBRUARY

- Provides the opportunity to express myself in the classroom
- English assembly once in a week

## MARCH

- Speaks English fluently
- Read and write simple sentences
- Picture reading and picture description

# GHSS THEKKUTHODE

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - അക്കാദമികം - ഉപമേഖല - STD 2**

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷ വികാസം , വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭനത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു ചിത്രത്തെ ആസ്പദമാക്കി സന്തോഷവും ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ ക്ലാസ് പി ടി എ നടത്തി എല്ലാം മാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു

## ഉപമേഖല മലയാളം :

### ജൂൺ

- ചിത്ര കാർഡുകൾനൽകൽ ( ചിത്രവും പദവും ഉൾക്കൊണ്ട് )
- ഭാഷണത്തിനു ക്ലാസിൽ അവസരം ഒരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

### ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു

### ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ

- ചിത്രവിവരണം
- വായനാതനത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു ഉദാഹരണം ആന, വലിയ ആന , കറുത്ത വലിയ ആന

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ( കവിതാപുരാണം )
- ലഘുവിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ ( ഭാഷണം , ലേഖനം, എഴുത്ത് )
- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

# ഉപമേഖല ഗണിതം :

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്ന് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വെക്കുന്നത്

## ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമായി എണ്ണുന്നു എഴുതുന്നു ( 100 ൽ താഴെ )
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയാൻ വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

- 1, 2, 3, 4, .....

  1, 3, 5, 7, .....

  10, 20, 30, 40, .....

  5, 10, 15, 20, .....

  2, 4, 6, 8, ......... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ ( 5 + 5 = 10, 10 + 10 = 20 )

## ഓഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാ,ണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിൽ ഒരു കട സ്കൂളിൽ ഒരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

  പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ

  5, 10, 15, 20, 25, .....

5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ
- പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി നോട്ടുകൾ പേപ്പർ മുഖേനെ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- ക്ലാസിന് ഒരു കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ , കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
- 10 രൂപ + 5 രൂപ = 15 രൂപ നോട്ട്

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ, സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

## ജനുവരി

- വില വിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർദ്ധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതം ആസ്വാദകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

# ഉപമേഖല ഇംഗ്ലീഷ്

## AIM

To goal for the first grades is to handle English fluently. The first grades must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illitrate

## OBJECTIVES AND LEARNING OUTCOMES

- Develop listening skills and reading skills
- Develop the creative speaking and writing
- Express thoughts, feelings etc..
- Develop thoughts, feelings etc...

## JUNE - JULY

- Develop listening skills and reading skills
- Introduction activities, games, action songs, Hello English activities
- Identify the naming words from the picture
- Identify the action words from the picture
- Picture reading picture description
- Selfie introduction, assembly activities speech

## AUGUST - SEPTEMPER

- Develop the creative speaking and writing
- Finding specific words, rhyming words, describing words
- Asking comprehensive questions- know your English
- Picture description with accurate describing words
- Word chain, sentence chain

## OCTOBER - DECEMBER

- Express thoughts , feelings etc…
- Library book reading
- Develop stories and descriptions
- Read notice
- Make riddles and corner sessions
- Self introduction

## JANUARY - MARCH

- Develop thoughts, feelings etc…..
- Writing diary, memorable moments , write and talk
- Read and develop thoughts
- Library book reading and book review
- Read letters from friends
- Conversation, skill, stories,….
- Develop stories, poems
- Participating in group action songs and simple story telling

# GHSS THEKKUTHODE

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - അക്കാദമികം - ഉപമേഖല - STD 3**

## ആമുഖം

പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിൻറെ മികവുകളും വെല്ലുവിളികളും സാമൂഹികവും ചരിത്രപരവുമായ അനുഭവങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലെ സമഗ്രഗുണമേന്മ വിദ്യാഭ്യാസം എന്ന പദ്ധതി രൂപീകരിക്കുന്നത്. 2025 - 2026 അധ്യയന വർഷത്തിൽ മൂന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി അവരെയും കൂടുതൽ പ്രത്യേക പരിഗണന അർഹിക്കുന്നതും പഠന പിന്തുണ ആവശ്യമായ കുട്ടികളെയും ഉൾക്കൊള്ളിച്ച് അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. അതിനായി പഠന ലക്ഷ്യം നേടുന്നതിനും തൽസമയ അറിവ് പ്രകടിപ്പിക്കാനും ശാസ്ത്രീയ അറിവുകൾ നിർമിക്കാനും കൂടാതെ എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികപരവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ അധ്യായന വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദകരമാക്കി മാറ്റാനും

അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

സഹവർത്തിതവും സഹകരണാത്മകവുമായ പഠനം അന്വേഷണാത്മക പഠനം ആശയാവതരണ രീതി എന്നിവയിൽ ഊന്നിയ പഠനത്തിന് പ്രാധാന്യം നൽകിയിരിക്കുന്നു.

# ഉപമേഖല മലയാളം :

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായന കൂട്ടം രൂപീകരിക്കുക
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ ശാക്തീകരിക്കുക
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക
- മലയാളത്തിലെ വിവിധ സാഹിത്യ രചനകൾ പരിചയപ്പെടുത്തൽ
- വായന സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
- കവിതയിലെ താളബോധം ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക
- സർഗാത്മക ഡയറി പരിപോഷിപ്പിക്കുക
- പത്രവായന കൂടുതൽ ആസ്വാദ്യകരമാക്കുക
- റീഡേഴ്സ് തിയേറ്റർ പരിചയപ്പെടുത്തുന്നതിലൂടെ വായന കൂടുതൽ ആസ്വാദ്യകരമാക്കുക
- ദിനാചരണങ്ങൾ, പുറം ചുമർ പ്രദർശനം എന്നിവയിലൂടെ വായന എഴുത്ത് , ചിത്രീകരണം എന്നിവയ്ക്ക് കൂടുതൽ സാധ്യതകൾ കണ്ടെത്തുക

- ഭാഷയുമായി ബന്ധപ്പെട്ട ഐ സി ടി കൂടുതൽ മികവുറ്റതാക്കുക
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലുക
- ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ പഴഞ്ചൊല്ല് )ഹൃദ്യസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിച്ചു നോക്കുക

## ജൂൺ - ജൂലൈ

- പ്രീ ടെസ്റ്റ്
- അക്ഷരം ചിഹ്നം ഉറപ്പിക്കൽ
- ചിത്ര വായന പുറം ചുമർ പ്രദർശനം
- കഥ ബാക്കി എഴുതൽ
- നാടൻ പാട്ടുകൾ ശേഖരണം, നാട്ടുകഥ ശേഖരണം
- കലാരൂപങ്ങൾ ശേഖരണം
- വായ്ത്താരികൾ കണ്ടെത്തൽ
- ക്ലാസ് പിടിഎ മീറ്റിംഗ് നടത്തൽ
- സർഗാത്മക ഡയറി

പിന്തുണ : പി ടി എ

ഭൗതികപരമായ പിന്തുണ : ക്ലാസ് ലൈബ്രറി, ചിത്ര കാർഡുകൾ, സ്കൂൾ ലൈബ്രറി

## ആഗസ്റ്റ് - സെപ്റ്റംബർ

- ചിത്ര വായന
- പത്ര വായന
- വായനക്കുറിപ്പ്
- റീഡേഴ്സ് തിയേറ്റർ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- പലഹാരമേള
- പലഹാരക്കുറിപ്പ് തയ്യാറാക്കൽ
- വിവിധ പാട്ടുകൾ ശേഖരണം (താളം ഈണം കണ്ടെത്തൽ)
- റോൾ പ്ലേ
- കത്തുകൾ മാതൃകകൾ
- വായനക്കൂട്ടം ഒരുക്കൽ
- സർഗാത്മക ഡയറി

പിന്തുണ : പിടിഎ ക്ലാസ് ടീച്ചർ

ഭൗതികപരമായ പിന്തുണ : ന്യൂസ് പേപ്പർ, ഐ സി ടി, വിവിധ കത്തുകൾ, മാതൃകകൾ, ലൈബ്രറി

## ഒക്ടോബർ - നവംബർ

- സർഗാത്മക ഡയറി
- അഭിമുഖം
- പതിപ്പ്, ചുമർപത്രിക തയ്യാറാക്കൽ
- റീഡേഴ്സ് തിയേറ്റർ

- കവിതകൾ ശേഖരിക്കൽ
- മികവുത്സവം
- കൃഷിയിട സന്ദർശനം
- കുട്ടിക്കളികൾ , നാടൻപാട്ട്
- വരികൾ കൂട്ടിച്ചേർക്കൽ
- പിന്നോക്കകാർക്കുള്ള പ്രത്യേക ക്ലാസ്സ്

പിന്തുണ : പി ടി എ

ഭൗതികപരമായ പിന്തുണ : ലൈബ്രറി, ഐ സി ടി

## ഡിസംബർ - ജനുവരി

- സർഗാത്മക ഡയറി
- പതിപ്പ്
- ശാസ്ത്ര രചനകൾ പരിചയപ്പെടൽ
- കഥ വായന
- കത്ത് തയ്യാറാക്കൽ
- കവിത താളമിട്ട് ചൊല്ലൽ
- സംവാദം
- വിവരണം പോസ്റ്റർ
- രണ്ടാം പാദവാർഷിക പരീക്ഷ അവലോകനം
- ക്ലാസ് പിടിഎ

പിന്തുണ : പിടിഎ

ഭൗതികപരമായ പിന്തുണ : ലൈബ്രറി, ചിത്ര കാർഡ് കത്ത്

## ഫെബ്രുവരി - മാർച്ച്

- സർഗാത്മക ഡയറി
- പകരം പദം സമാന പദം
- അനുഭവക്കുറിപ്പ് തയ്യാറാക്കൽ
- കഥ ചിത്രീകരിക്കൽ
- ഭാവാത്മക വായന
- പോസ്റ്റർ തയ്യാറാക്കൽ
- കവിതയുടെ ദൃശ്യാവിഷ്കാരം
- കാർട്ടൂൺ വായന
- പദക്കൂട്ട് നിർമ്മാണം
- വരികൾ കൂട്ടിച്ചേർക്കൽ

പിന്തുണ : പിടിഎ

ഭൗതികപരമായ പിന്തുണ : ലൈബ്രറി, ഐ സി ടി

# ഉപമേഖല ഗണിതം :

## ആമുഖം

KCF 2023 അടിസ്ഥാനമാക്കി പാഠ്യ പദ്ധതിയും ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളും പരിഷ്കരിക്കപ്പെട്ടു. ഗണിതശാസ്ത്രം സാമൂഹിക പുരോഗതിക്ക് നൽകിയ സംഭാവനകൾ ഒട്ടനവധിയാണ്. അതിനാൽ തന്നെ വ്യക്തികളുടെ വളർച്ചയിൽ ഗണിതത്തിനുള്ള പങ്ക് വലുതാണ്. കുട്ടിയിൽ ഗുണനാത്മക മാറ്റങ്ങൾ ഉണ്ടാകുന്നതിന് അനുസരിച്ചുള്ള സമീപനമാണ് നമ്മുടെ പാഠ്യപദ്ധതി മുന്നോട്ടു വയ്ക്കുന്നത്. കുട്ടികളിൽ ഗണിത പഠനം ആസ്വാദ്യകരമാക്കി മാറ്റാനും, ഗണന ചിന്ത, യുക്തിചിന്ത, മനഗണിതം എന്നിവ വളർത്തുന്നതിന് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് മൂന്നാം തരത്തിലേത്. കൂടാതെ ഗണിത പഠനം നിത്യജീവിതത്തിലെ പ്രശ്ന പരിഹരണശേഷി നേടാനും പ്രയോജനപ്പെടുത്തിയിരിക്കുന്നു. വലിയ പ്രശ്നങ്ങൾ ചെറിയ പ്രശ്നങ്ങൾ ആക്കി മാറ്റി പ്രശ്നപരിഹരണം നടത്തുന്നതിലൂടെ ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാകുന്നു. കളികളിലൂടെയുള്ള പഠനം കുട്ടികളുടെ താൽപര്യവും വർദ്ധിപ്പിക്കുന്നു

### ലക്ഷ്യങ്ങൾ

- ക്രിയകൾ ചെയ്യാനുള്ള ശേഷി നേടുക
- വിവരങ്ങൾ ആശയങ്ങൾ അപഗ്രഥിക്കാനുള്ള ശേഷി നേടുക നിഗമനങ്ങൾ രൂപീകരിക്കാനുള്ള ശേഷി നേടുക
- കിട്ടിയ അറിവുകൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാനുള്ള ശേഷി നേടുക
- പുതിയ അറിവുകൾ ഉത്പാദിപ്പിക്കാനുള്ള ശേഷി നേടുക
- ഗണനചിന്ത രൂപപ്പെടുക

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംഖ്യാബോധം | രണ്ടക്ക സംഖ്യകൾ, മൂന്നക്ക സംഖ്യകൾ തിരിച്ചറിയൽ<br>അക്കങ്ങളെ അക്ഷരത്തിൽ എഴുതൽ<br>ഗണിത കിറ്റ് തയ്യാറാക്കൽ<br>സംഖ്യാ ബന്ധം തിരിച്ചറിയൽ<br>പാർട്ടികൾ രൂപീകരിക്കൽ | ജൂൺ - ആഗസ്റ്റ് | അധ്യാപിക | PTA |
| 2 | കണക്കു പെട്ടി | ചുറ്റുപാട് നിന്നും കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് കണക്കുപെട്ടി രൂപീകരിക്കൽ | ജൂൺ - ആഗസ്റ്റ് | അധ്യാപിക | PTA |
| 3 | വലിയ സംഖ്യ ചെറിയ സംഖ്യ | വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ജൂൺ - ആഗസ്റ്റ് | അധ്യാപിക | PTA |
| 4 | സങ്കലന ക്രിയകൾ | രണ്ടക്ക സംഖ്യകളുടെയും മൂന്നക്ക സംഖ്യകളുടെയും സങ്കലന ക്രിയകൾ ചെയ്യുക | ജൂൺ - ആഗസ്റ്റ് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | സ്ഥാന വില | സ്ഥാനവില കാർഡ് നിർമ്മാണം<br>സ്ഥാനവില തിരിച്ചറിയൽ<br>സ്ഥാനവില പോക്കറ്റ് നിർമ്മാണം<br>അബാക്കസ് നിർമ്മാണം | സെപ്റ്റം ബർ | അധ്യാപിക | PTA |
| 6 | പാറ്റേൺ രൂപീകരണം | വിവിധ പാറ്റേണുകൾ പരിചയപ്പെടൽ<br>വിവിധ പാർട്ടികൾ നിർമ്മിക്കൽ<br>പാറ്റേണുകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ | ഒക്ടോബ ർ | അധ്യാപിക | PTA |
| 7 | വ്യവകലന പ്രവർത്തനങ്ങൾ | ചിന്നം ഉപയോഗിച്ച് വ്യവകലന ക്രിയകൾ നിർദ്ധാരണം ചെയ്യൽ | നവംബർ | അധ്യാപിക | PTA |
| 8 | നോട്ടുകൾ തിരിച്ചറിയൽ | 1, 5, 10, 20, 50, 100, 200, 500 തുടങ്ങിയ നോട്ടുകൾ തിരിച്ചറിയൽ<br>നിത്യജീവിതത്തിൽ പ്രയോഗിക്കൽ<br>സാധനങ്ങൾ വാങ്ങൽ | ഡിസംബർ | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 9 | സമയം | ക്ലോക്ക് പരിചയപ്പെടൽ<br>സെക്കൻഡ് മിനുട്ട് മണിക്കൂർ തുടങ്ങിയ ക്ലോക്കിലെ സൂചികൾ സമയം നിർണയം എന്നിവ പരിചയപ്പെടൽ<br>സമയവുമായി ബന്ധപ്പെട്ട ക്രിയകൾ ചെയ്യൽ | ജനുവരി | അധ്യാപിക | PTA |
| 10 | അളവുകൾ | അളവുകളുടെ വിവിധ നിർണയം യൂണിറ്റ് എന്നിവ പരിചയപ്പെടൽ പ്രശ്നങ്ങൾ പരിചയപ്പെടൽ നിത്യജീവിതത്തിൽ പ്രയോഗിക്കൽ | ഫെബ്രുവരി | അധ്യാപിക | PTA |
| 11 | രൂപങ്ങൾ | വിവിധ ജാമിതീയ രൂപങ്ങൾ പരിചയപ്പെടൽ<br>ജാമിതീയ രൂപങ്ങൾ വരയ്ക്കൽ<br>നിത്യ ജീവിതവുമായി താരതമ്യപ്പെടുത്തൽ | മാർച്ച് | അധ്യാപിക | PTA |

## ഉപമേഖല പരിസര പഠനം :

## ആമുഖം

പരിസരത്തെ സമഗ്രമായി കണ്ടുകൊണ്ട് അറിവ് നിർമ്മാണ ഘട്ടങ്ങൾ പാലിച്ച് പ്രക്രിയ ശേഷികളും മറ്റ ശേഷികളും നേടാനും നിർദിഷ്ട മൂല്യങ്ങളും മനോഭാവവും ഓരോ കുട്ടിയിലും എത്തുന്ന രീതിയിലുള്ള പഠനമാണ് മൂന്നാം തരത്തിലേത്

നേർ അനുഭവത്തിലൂന്നിയും,അന്വേഷണാത്മകവും,വാതിൽപ്പുറം പഠന സാധ്യതകൾ,ശാസ്ത്രബോധം ,നിത്യ ജീവിതത്തിൽ ശാസ്ത്രത്തിൻറെ പ്രാധാന്യം,ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പ്രാധാന്യം എന്നിവയെല്ലാം കുട്ടിയിലേക്ക് എത്തിക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമാക്കുന്നത്

പരിസര പഠന കിറ്റ്,പരിസര പഠന മൂല എന്നിവ നിർമ്മിച്ച് ഫലപ്രദമായി ഉപയോഗിക്കുന്നത് വഴി പ്രവർത്തന ലക്ഷ്യം കുട്ടികളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളും ആസൂത്രണത്തിന്റെ ഭാഗമാണ്

കൂടാതെ കുട്ടികളിൽ ശാസ്ത്രബോധം വികസിപ്പിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക എന്നതാണ് ഉത്തമമായ ലക്ഷ്യം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

- വിവിധതരം സസ്യങ്ങൾ മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധികൾ, മണമുള്ളവ, മണമില്ലാത്തവ എന്നിവ പട്ടികപ്പെടുത്തുന്നു
- സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ പ്രത്യേകതകൾ എന്നിവ കണ്ടെത്തുന്നു
- ചുറ്റുപാടും നിരീക്ഷിക്കാൻ അവസരം നൽകുന്നു
- മാംസാഹാരികൾ, മിശ്രഭുക്കുകൾ, സസ്യാഹാരികൾ എന്നിവയെ പട്ടികപ്പെടുത്തുന്നു
- ജലസ്രോതസ്സുകൾ, ജലസംരക്ഷണത്തിന്റെ പ്രസക്തി എന്നിവ പരിചയപ്പെടുത്തുന്നു
- ശരിയായ ആഹാര ആരോഗ്യ ശീലങ്ങൾ, പോഷകാഹാരം എന്നിവ തിരിച്ചറിയുന്നു
- റോഡ് നിയമങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കുന്നു
- അന്തരീക്ഷം, ഭൂമി, പകൽ, രാത്രി എന്നിവയെ കുറിച്ച് ധാരണ നേടുന്നു
- വിവിധതരം വീടുകൾ, നിർമ്മാണ രീതി എന്നിവയെ കുറിച്ചുള്ള ധാരണ നേടുന്നു

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചെടികൾ നിരീക്ഷിച്ച് വലിപ്പം മണം ഘടന ഇവ കണ്ടെത്തൽ | പ്രകൃതി നടത്തം<br>ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ എന്നിവ നിരീക്ഷിക്കുന്നു | ജൂൺ - ജൂലൈ | അധ്യാപിക | PTA |
| 2 | ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടൽ സസ്യ വർഗീകരണം പൂക്കളുടെ പ്രത്യേകത കണ്ടെത്തൽ | പൂന്തോട്ടം നിർമ്മാണം ചുറ്റുപാടും നിരീക്ഷണം മണമുള്ള പൂക്കൾ ഇല്ലാത്തവ എന്നിവ കണ്ടെത്തുന്നു ചാന്ദ്ര ദിനാചരണം | ജൂൺ - ജൂലൈ | അധ്യാപിക | PTA |
| 3 | ജീവികളുടെ വർഗ്ഗീകരണം ജീവികളുടെ സഞ്ചാര രീതി ആഹാരരീതി പ്രത്യേകതകൾ തിരിച്ചറിയുന്നു | ചുറ്റുപാടും നിരീക്ഷണം സസ്യഭുക്ക് മാംസഭുക്ക് മിശ്രഭുക്ക് ഇവയെ കണ്ടെത്തുന്നു ജീവികളുടെ ശാരീരിക പ്രത്യേകതകൾ തിരിച്ചറിയുന്നു | ആഗസ്റ്റ് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ജലസ്രോതസ്സുകൾ ജലസംരക്ഷണം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു | ജലത്തിൻറെ ഉറവിടം നിരീക്ഷണം ജലമാലിന്യം എങ്ങനെ ? ജലസംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ പോസ്റ്റർ തയ്യാറാക്കുന്നു ബോധവൽക്കരണ ക്ലാസ് നൽകുന്നു | സെപ്റ്റം ബർ | അധ്യാപിക | PTA |
| 5 | ശരിയായ ആഹാരരീതി, പോഷകാഹാരങ്ങ ളെക്കുറിച്ച് മനസ്സിലാക്കൽ വൃത്തിയെക്കുറിച്ച് തിരിച്ചറിയൽ | ശരിയായ ആഹാര ശീലങ്ങൾ മനസ്സിലാക്കുന്നു ആഹാരവസ്തുക്കൾ തരംതിരിക്കുന്നു പോഷകാഹാരങ്ങൾ മനസ്സിലാക്കുന്നു പച്ചക്കറിത്തോട്ടം നിർമ്മാണം സാലഡ് നിർമ്മാണം ആരോഗ്യ കാർഡ് ഭക്ഷ്യമേള | ഒക്ടോബ ർ - നവംബർ | | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | റോഡ് നിയമങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകത പ്രഥമ ശുശ്രൂഷ | സിഗ്നൽ ബോർഡ് അടയാളങ്ങൾ , റോഡ് നിയമങ്ങൾ, ട്രാഫിക് അടയാളങ്ങൾ തുടങ്ങിയവയ്ക്കുള്ള ബോധവൽക്കരണ ക്ലാസ് നൽകൽ പ്രഥമ ശുശ്രൂഷ മാർഗ്ഗങ്ങൾ തിരിച്ചറിയുന്നു പ്രഥമ ശുശ്രൂഷയുടെ ആവശ്യകത സ്കിറ്റ് അവതരിപ്പിക്കുന്നു | ഡിസംബർ - ജനുവരി | | PTA |
| 7 | അന്തരീക്ഷം, ഭൂമി പകൽ, രാത്രി എന്നിവയെ കുറിച്ചുള്ള ധാരണ കൈവരിക്കൽ | ഗ്ലോബ് , ഐ സി ടി ഇവയുടെ സഹായത്തോടുകൂടി കുട്ടികൾക്ക് ക്ലാസ് നൽകുന്നു . പകൽ, രാത്രി ഉണ്ടാവുന്നത് നിരീക്ഷണ പരീക്ഷണങ്ങളിലൂടെയും ഐസിടി സാധ്യതയിലൂടെയും കണ്ടെത്തുന്നു | ഫെബ്രുവരി - മാർച്ച് | | PTA |

# അധിക പ്രവർത്തനങ്ങൾ

- പരിസര പഠനകിറ്റ്
- പൂന്തോട്ടം നിർമ്മാണം
- ഫീൽഡ് ട്രിപ്പ്
- ശാസ്ത്ര പരീക്ഷണങ്ങൾ
- ബോധവൽക്കരണ ക്ലാസ്
- ജല സ്രോതസ്സുകൾ സന്ദർശനം
- ശാസ്ത്രമേള
- പക്ഷി നിരീക്ഷണം
- ആശയ ഭൂപട നിർമ്മാണം

# ഉപമേഖല ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | Describes the pictures | Picture description The teacher shows a picture Discussion Children's talk about the picture | June-july | Teacher | PTA |
| 2 | Arrange words in alphabetic order | Introducing the dictionary Gives words Arranging words in alphabetic order | June - March | Teacher | PTA |
| 3 | Add more exchanges to the conversation suitable to the context | Reading the conversation Conversation is acting with friends Add more exchanges to the conversations | June - March | Teacher | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | Identifies rhyming words from the poem | Plays the audio of a song<br>Let the learner sing after the audio<br>Discussion<br>Identifies rhyming words | July - Septemper | Teacher | PTA |
| 5 | Add lines to a poem following a set pattern | Plays the audio of a song<br>Let the learner sing after the audio<br>Add lines to the poem | October - December | Teacher | PTA |
| 6 | Reads and understands the given stories and poems | Provides the opportunity to read simple stories and poems<br>They tell the story they read | December - March | Teacher | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | Makes simple riddles | Gives children the opportunity to hear and answer simple Riddles<br>Makes simple riddles | Septemper - SMarch | | PTA |
| 8 | Undertakes simple project work given | Give instructions<br>Data collection<br>Codifying | January - March | | PTA |

# GHSS THEKKUTHODE

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - അക്കാദമികം - ഉപമേഖല - STD 4**

## ഉപമേഖല മലയാളം :

1. അടിസ്ഥാന ഭാഷാശേഷി വികസനം
2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
3. വായനശേഷി വളർത്തൽ
4. എഴുത്ത് പരിപോഷിപ്പിക്കൽ
5. സർഗാത്മകശേഷി വികസിപ്പിക്കൽ
6. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെ അവതരിപ്പിക്കൽ

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എൻറെ അവധിക്കാലം | കുട്ടികൾ അവരുടെ വിവിധ അവധിക്കാല അനുഭവങ്ങൾ അവതരിപ്പിക്കുന്നു. അനുഭവങ്ങൾ കഥയായും യാത്രാനുഭവമായും അനുഭവവിവരണം അവതരിപ്പിക്കാൻ ശ്രമിക്കുന്നു . | ജൂൺ | അധ്യാപിക | |
| 2 | മധുരം മലയാളം<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദ നിർമാണം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ജൂൺ - ആഗസ്റ്റ് | അധ്യാപിക | PTA |
| 3 | കൈയ്യക്ഷരം നന്നാക്കൽ | കോപ്പി എഴുതൽ, പകർത്തെഴുത്ത്<br>വിദഗ്ധരുടെ ക്ലാസ് | ജൂൺ - മാർച്ച് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 5 | എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ സ്വയം എഴുതുന്നു | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 6 | സാഹിത്യകാരന്മാരെ അടുത്തറിയൽ | ദിനാചരണങ്ങൾ . ഒരു പുതിയ പുസ്തകങ്ങളും പരിചയപ്പെടുത്തുമ്പോൾ എഴുത്തുകാരെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു. അവരുടെ മറ്റു കൃതികളും പരിചയപ്പെടുത്തുന്നു | ജൂൺ - മാർച്ച് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | എഴുത്തുകാരുമായി സംവദിക്കൽ<br>ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 8 | കണ്ടറിയാം കേട്ടറിയാം<br>അറിവ് ഡോക്യുമെന്ററിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ കണ്ടെത്തൽ പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 9 | രുചിച്ചറിയാം<br>നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>ക്ലാസിൽ ഒരു സദ്യ | വർഷത്തിൽ ഒരിക്കൽ | അധ്യാപിക | PTA |
| 10 | ഓർക്കാം അഭിമാനിക്കാം ( സാഹിത്യകാരന്മാർ )<br>സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെൻററി<br>പുസ്തക പരിചയം<br>ക്വിസ്<br>ജീവിതരേഖ തയ്യാറാക്കൽ<br>ലഘു പ്രഭാഷണം | ജൂൺ - മാർച്ച് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 10 | കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കഥകളായും കവിതകളായും സ്കിറ്റുകൾ ആയും പോസ്റ്റർ പ്രദർശനങ്ങളുമായും അസംബ്ലികളിലും മികവ് പ്രദർശനത്തിലും അവതരിപ്പിക്കാൻ അവസരങ്ങൾ നൽകുന്നു. വിദഗ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിക്കുക | ജൂൺ - മാർച്ച് | അധ്യാപിക | |
| 11 | സർഗോത്സവം<br>ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രകടനം പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപിക | PTA |

# ഉപമേഖല ഗണിതം :

**<u>ലക്ഷ്യങ്ങൾ</u>**

- ക്രിയകൾ ചെയ്യാനുള്ള ശേഷി നേടുക
- വിവരങ്ങൾ ആശയങ്ങൾ അപഗ്രഥിക്കാനുള്ള ശേഷി നേടുക
  നിഗമനങ്ങൾ രൂപീകരിക്കാനുള്ള ശേഷി നേടുക
- കിട്ടിയ അറിവുകൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാനുള്ള ശേഷി നേടുക
- പുതിയ അറിവുകൾ ഉത്പാദിപ്പിക്കാനുള്ള ശേഷി നേടുക
  ഗണനചിന്ത രൂപപ്പെടുക

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | <u>കളിക്കാം ഗണിക്കാം</u><br>ഗണിത പഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം<br>ഏണിയും പാമ്പും കളി , ഡൈസ് കളി,<br>സങ്കലനം - വ്യവകലനം കച്ചവടക്കളി | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 2 | <u>ഗണിത ലാബ്</u><br>ഗണിത പഠന പ്രവർത്തനങ്ങൾ സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 3 | <u>ഗണിതച്ചുമർ</u><br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, പ്രയോജനപ്പെടുത്തൽ | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 4 | ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ജാമിതീയ രൂപങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് അവയുമായി ബന്ധപ്പെട്ട പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിന് | ജ്യാമിതിയ രൂപങ്ങളുടെ മാതൃകകൾ<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കൽ<br>ICT സാധ്യതകൾ | ജൂൺ - മാർച്ച് | അധ്യാപിക | PTA |
| 6 | ഒറിഗാമിയിലൂടെ പഠിക്കാം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br>കരചലനശേഷി വികാസം<br>ടാൻഗ്രാം നിർമ്മാണം പ്രദർശനം | ഫെബ്രുവരി | അധ്യാപിക | PTA |
| 7 | ഗണിത മേള | ഗണിതശേഷികളുടെ പ്രകടനം<br>പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>ടാൻഗ്രാം<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച് | അധ്യാപിക | PTA |

## ഉപമേഖല പരിസര പഠനം :

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നിരീക്ഷണം - അറിവ് നിർമാണം | പ്രകൃതിയെ അടുത്തറിയുക പുഴ നടത്തം | ജൂൺ | അധ്യാപിക | PTA |
| 2 | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര മൂല ഒരുക്കുന്നു | ജൂൺ - ജൂലൈ | അധ്യാപിക | PTA |
| 3 | പരീക്ഷണങ്ങളിലൂടെ ശാസ്ത്ര അവബോധം വളർത്തുക ഉറപ്പിക്കുക | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ, ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ആഗസ്റ്റ് | അധ്യാപിക | PTA |
| 4 | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ജലസ്രോതസ്സുകൾ ജലസംരക്ഷണം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു | ജലത്തിൻറെ ഉറവിടം നിരീക്ഷണം<br>ജലമാലിന്യം എങ്ങനെ ?<br>ജലസംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ<br>പോസ്റ്റർ തയ്യാറാക്കുന്നു<br>ബോധവൽക്കരണ ക്ലാസ് നൽകുന്നു | സെപ്റ്റംബർ | അധ്യാപിക | PTA |
| 6 | ശരിയായ ആഹാരരീതി, പോഷകാഹാരങ്ങളെക്കുറിച്ച് മനസ്സിലാക്കൽ വൃത്തിയെക്കുറിച്ച് തിരിച്ചറിയൽ | ശരിയായ ആഹാര ശീലങ്ങൾ മനസ്സിലാക്കുന്നു<br>ആഹാരവസ്തുക്കൾ തരംതിരിക്കുന്നു<br>പോഷകാഹാരങ്ങൾ മനസ്സിലാക്കുന്നു<br>പച്ചക്കറിത്തോട്ടം നിർമ്മാണം<br>സാലഡ് നിർമ്മാണം<br>ആരോഗ്യ കാർഡ്<br>ഭക്ഷ്യമേള | ഒക്ടോബർ - നവംബർ | അധ്യാപിക | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | ഭൂപടം ഒരുക്കാം | കേരളത്തിൻറെ ഭൂപടം, ഇന്ത്യയുടെ ഭൂപടം, ഭൂപട വായന, സൂചിക പരിചയപ്പെടൽ സൂചിക നിർമ്മാണം | ഡിസംബർ | അധ്യാപിക | PTA |
| 8 | കേരളം ഇന്ത്യ ഭൂപ്രകൃതി സ്ഥാനം തിരിച്ചറിയുക | ഭൂപട വായനയിലൂടെ നേടിയ ശേഷി ഉപയോഗിച്ചുകൊണ്ട് കേരളം , ഇന്ത്യ ഭൂ പ്രകൃതി സ്ഥാനം തിരിച്ചറിയുന്നു | നവംബർ | അധ്യാപിക | PTA |
| 9 | ശാസ്ത്ര മാസിക നിർമ്മാണം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ ഉപയോഗിച്ചുകൊണ്ട് ശാസ്ത്ര മാസിക നിർമിക്കുന്നു | ജനുവരി | അധ്യാപിക | PTA |
| 10 | ശാസ്ത്രോത്സവം സംഘടിപ്പിക്കൽ | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | ഫെബ്രുവരി | അധ്യാപിക | PTA |

# ഉപമേഖല ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | To speak, read and write English without any mistakes | Action songs, Games<br>Listen and draw<br>Read and write<br>Hello English activities<br>Conversations<br>Skit, stories<br>Use ICT | June - March | Teacher | PTA |
| 2 | To check the vocabulary and writing skills of students | Pre test<br>Listening skills<br>Identify the naming words from the picture<br>Identify the action words from the picture<br>Make the simple sentences using the word about the picture<br>Make simple description about the picture<br>Growing sentences,<br>Picture Reading,<br>Self introductions<br>Speech bubble | June - July | Teacher | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | Develop the creative speaking and writing | Reading skills<br>Books reading<br>Find words<br>Collect and read past tense<br>Rhyming words<br>Text book activities<br>Writing skills<br>Make word web<br>Picture description<br>Arranging events in the correct order<br>Word chain<br>Make words and sentences<br>Make riddles, conversations<br>Add More lines | August - Septemper | Teacher | PTA |
| 4 | To express thoughts, feelings etc… | Reading skills<br>Library book reading – conversations<br>Skit . stories<br>Use ICT<br>Read notice Develop story<br>Writing skills<br>Description<br>Thoughts<br>Give suitable title<br>Play with language<br>Speech bubble | October - November | Teacher | PTA |

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | To develop reading and writing skills | Reading skills<br>Library books reading<br>Conversations , skit stories use ICT<br>Develop story<br>Prince diary<br>Writing skills<br>Picture story writing<br>Diary<br>Announcement<br>Digital poster | December - January | Teacher | PTA |
| 6 | Encourages critical thinking | Debate sessions organise database on various topics | February - March | Teacher | PTA |

# GHSS THEKKUTHODE

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - അക്കാദമികം - ഉപമേഖല - മലയാളം ( HS)**

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക
2. മുഴുവൻ കുട്ടികളെയും വായനയിലേക്കും എഴുത്തിലേക്കും നയിക്കുക
3. എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
4. എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക
5. സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുക
6. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
7. ഭാഷാശേഷി വികാസത്തിൽ ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | പദ്ധതി - ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എൻറെ അവധിക്കാലം | കുട്ടികൾ അവരുടെ വിവിധ അവധിക്കാല അനുഭവങ്ങൾ അവതരിപ്പിക്കുന്നു. അനുഭവങ്ങൾ കഥയായും യാത്രാനുഭവമായും അനുഭവവിവരണം അവതരിപ്പിക്കാൻ ശ്രമിക്കുന്നു . | ജൂൺ | അധ്യാപിക | |
